**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2988** **14-02-2024 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ദേവസ്വം ബോർഡ് ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ മുഴുവൻ ജീവനക്കാർക്കും കേരള സർക്കാരിന്റെ 11-ാം ശമ്പള പരിഷ്കരണ പ്രകാരമുള്ള ആനുകൂല്യങ്ങൾ 17/11/2022 ലെ ROC 2191/21/EST-1 നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെ ശംബളം പരിഷ്കരിച്ചുകൊണ്ട് 12.02.2021 ലെ സ.ഉ.(കൈ)57/2021/RD നമ്പർ ഉത്തരവ് പ്രകാരവും പ്രസ്തുത ഉത്തരവിൽ ഫിക്സേഷൻ ചട്ടങ്ങൾ കൂടി ഉൾപ്പെടുത്തി 18.08.2021 ലെ സ.ഉ.(കൈ)161/2021/RD നമ്പർ പ്രകാരവും സർക്കാർ ഉത്തരവായിരുന്നു. അതുമായി ബന്ധപ്പെട്ട് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സമർപ്പിച്ചിരുന്ന അനോമലി പ്രൊപ്പോസൽ അംഗീകരിച്ച് ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ 12.02.2024 ലെ സ.ഉ.(കൈ)41/2024/RD നമ്പർ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br><br>ഗുരുവായൂർ ദേവസ്വത്തിൽ സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി അതാത് കാലയളവിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്.<br><br>കൊച്ചിൻ ദേവസ്വം ബോർഡ് എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജീവനക്കാർക്ക് സർക്കാർ ശമ്പള പരിഷ്കരണത്തിനനുസൃതമായി 2019 മുതൽ പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. ബോർഡിലെ ക്ഷേത്ര വിഭാഗം ജീവനക്കാർക്ക് 2021 മുതൽ പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്.<br><br>07.03.2023 ലെ കൂടൽ മാണിക്യം ദേവസ്വം കമ്മീഷണറുടെ കെ.എം.ഡി.സി.1/10/2022-കെഎംഡി പ്രകാരം കൂടൽമാണിക്യം ദേവസ്വം |

| | | | |
|---|---|---|---|
| | | | ജീവനക്കാർക്ക് 01.09.2015 പ്രാബല്യത്തിൽ ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട് |
| (ബി) | വിവിധ ദേവസ്വം ബോർഡുകളിലെ ജീവനക്കാരുടെ നിയമനരീതി വിശദമാക്കാമോ? | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിലും കൂടൽമാണിക്യം ദേവസ്വത്തിലും കാരാൺമ ജീവനക്കാർ ഒഴികെയുള്ളവരെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണ് നിയമിക്കുന്നത്.<br><br>മലബാർ ദേവസ്വം ബോർഡിൽ വിവിധ തസ്തികകളിലേയ്ക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണ് നിയമനം നടത്തുന്നത്. നേരിട്ടുള്ള നിയമനം വഴിയും, ക്ഷേത്രങ്ങളിൽ 10 വർഷത്തെ സ്ഥിരം സർവ്വീസിലുള്ള ജീവനക്കാരിൽ നിന്നും ബൈ ട്രാൻസ്ഫർ വഴിയും മലബാർ ദേവസ്വം ബോർഡിലെ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികകളിൽ നിയമനം നടത്തി വരുന്നു. മലബാർ ദേവസ്വം ബോർഡിന്റെ മേൽനോട്ട നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിലെ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള അധികാരം അത് ക്ഷേത്രഭരണാധികാരികൾക്കാണ്.<br><br>ഗുരുവായൂർ ദേവസ്വത്തിലെ ജീവനക്കാരുടെ സ്ഥിര നിയമനം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയാണ് നടത്തുന്നത്. 6 മാസത്തേയ്ക്ക് നിയമനം നടത്തുന്ന സോപാനം കാവൽ, വനിത സെക്യൂരിറ്റി തുടങ്ങിയ തസ്തികകളും ഒരു വർഷത്തേയ്ക്ക് നിയമനം നടത്തുന്ന സെക്യൂരിറ്റി വിഭാഗം തസ്തികകളും ഗുരുവായൂർ ദേവസ്വം ഭരണസമിതിയാണ് നിയമനം നടത്തുന്നത്.<br><br>കൊച്ചിൻ ദേവസ്വം ബോർഡിലെ എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുടെയും, ക്ഷേത്രജീവനക്കാരുടെയും ക്ഷേത്ര വിഭാഗം ജീവനക്കാരുടെയും നിയമനം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ